


ചോർച്ചയുണ്ടോ? കെ.പി.സി.സി സംഘം മുല്ലപ്പെരിയാറിൽ

**മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോൻ മണ്ടനായിരുന്നുവെന്ന് ശത്രുക്കൾപോലും കരുതില്ല. മുല്ലപ്പെരിയാറിന്റെ കരാർ വളരെ ദീർഘകാലത്തേക്ക് അദ്ദേഹം നീട്ടിക്കൊടുത്തത് വസ്തുതകൾ കൂലങ്കഷമായി പഠിക്കാതെയാവില്ല.**

# അണ ചോരുമ്പോൾ ആകുലത വേണോ



**മധുനായർ ന്യൂയോർക്ക്**

ഇല്ലാത്ത പ്രശ്നങ്ങൾ ഊതിവീർപ്പിച്ച ശേഷം കുരുക്കഴിപ്പ് മഹായജ്ഞത്തിൽ തിമർത്താടുകയെന്ന കലാപരിപാടി വി.എസ് സർക്കാരിന്റെ പ്രത്യേകതയായി തോന്നാം. അധികാരം ഏറ്റെടുത്തയുടനെ പടച്ചുണ്ടാക്കിയ സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിലാണ് തുടക്കം. ഇപ്പോൾ മുല്ലപ്പെരിയാറാണ് ഗോദ. സുധാകരനൊഴിച്ച് സകല മന്ത്രിമാരും അണക്കെട്ടു കയറി ഫോട്ടോകൾ മാധ്യമങ്ങളിലെത്തിച്ചു. ജനങ്ങളിൽ വേണ്ടാത്ത ഭീതിയിളക്കി വിട്ടിട്ട് പരിഹാരം ഒന്നുമില്ലായെന്ന് നിസ്സഹായനായി മുഖ്യമന്ത്രി നിൽക്കുമ്പോഴും ജനമിതു കാണുന്നതു പ്രശ്നത്തിന്റെ ലാഘവം മനസ്സിലാക്കിതന്നെയാണ്.

കോടതികളെല്ലാം കേരളത്തിന്റെ വാദങ്ങളെ അവഗണിച്ച് തമിഴ്നാടിനെ സഹായിക്കുന്നുവെന്ന വാദം ബാലിശമാണ്. പണ്ടു നിലവിലിരുന്ന അണക്കെട്ടുയരം അനുവദിച്ചുകിട്ടുകയെന്ന തമിഴ്നാടിന്റെ അപേക്ഷ  കൂലങ്കഷമായ സാങ്കേതിക പരിശോധനയ്ക്കുശേഷമാണ് സുപ്രീം കോടതി ശരിവെച്ചത്. അണക്കെട്ടിന്റെ അസ്തിവാരം ഭൂകമ്പപ്രകോപിതമാണെന്ന കേരളവാദം വെറും തമാശപോലെ കോടതി കണ്ടു. തൊട്ടടുത്തുള്ള ഇടുക്കി ഡാമിന് മുല്ലപ്പെരിയാറിന്റെ പത്തിരട്ടിയിലധികം വലിപ്പമുണ്ട്. ഭൂകമ്പം വന്നാൽ ഇടുക്കിയാകും ആദ്യം പൊട്ടിയൊഴുകുക. ലിവിംഗ് മൗണ്ടനായ പശ്ചിമഘട്ടം മുഴുവനും ഭൂകമ്പസ്രോതസ്സെന്നു വേണമെങ്കിൽ വാദിക്കാം. അങ്ങനെയാണെങ്കിൽ മലനിരകളിൽനിന്നും ഏതാനും കിലോമീറ്റർ ദൂരത്തിലുള്ള തലസ്ഥാനത്തെ സെക്രട്ടറിയേറ്റ് കെട്ടിടം പോലും സുരക്ഷിതമല്ല.

മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോൻ മണ്ടനായിരുന്നുവെന്ന് ശത്രുക്കൾപോലും കരുതില്ല. മുല്ലപ്പെരിയാറിന്റെ കരാർ വളരെ ദീർഘകാലത്തേക്ക് അദ്ദേഹം നീട്ടിക്കൊടുത്തത് വസ്തുതകൾ കൂലങ്കഷമായി പഠിക്കാതെയാവില്ല. കേരളത്തിനിക്കാര്യത്തിൽ ഒന്നും നഷ്ടപ്പെടാനില്ലായെന്നും മറിച്ച് നേട്ടങ്ങളേ ഉള്ളൂവെന്നും കേരളം കണ്ട ഏറ്റവും ദീർഘവീക്ഷണമുണ്ടായിരുന്ന മുഖ്യമന്ത്രി വിലയിരുത്തി. തണ്ണീർ തണ്ണീർ എന്നു മുറവിളികൂട്ടുന്ന പാവം തമിഴ്നാട് കർഷകന് മുല്ലപ്പെരിയാർ ഗംഗയായി. അവൻ വിളയിച്ചെടുത്ത പച്ചക്കറികൾ കേരളീയർക്കുതന്നെ വിളമ്പി. കൃഷിയിടവും കർഷകനും അന്യം നിന്നുകൊണ്ടിരിക്കുന്ന മലയാളക്കരയ്ക്ക് ഇതൊരനുഗ്രഹമായി കാണുന്നതിനു പകരം ധാർമികരോഷം പ്രകടിപ്പിക്കുന്നത് ഗുണം പിടിക്കാത്ത രാഷ്ട്രീയക്കളിയാണ്. നദികളെന്ന നിർവചനത്തിൽ ‘o’ വട്ടത്തിലുള്ള കേരളത്തിലെ നീർചാലുകളൊന്നും ഉൾപ്പെടുകയില്ലെങ്കിലും രണ്ടു കാലവർഷങ്ങളിലൂടെ ലഭിക്കുന്ന കോടിക്കണക്കിന് ഘനയടിവെള്ളം ശൂ പോലെ കടലിലേക്ക് ഒഴുക്കിവിടാൻ അവയ്ക്ക് കെൽപ്പുണ്ട്. രണ്ടു ഡസനിലധികം ആറുകളെ ബന്ധിപ്പിക്കാനുള്ള സാങ്കേതികവിദ്യ വാലുപോലത്തെ സംസ്ഥാനത്ത് വികസിപ്പിച്ചെടുക്കുവാൻ മോഡലുകളൊന്നും കണ്ടെന്നുവരില്ല. നൂതനാശയങ്ങൾ എക്കാലവും ഹൃത്തിലേറ്റാൻ വൈമനസ്യം കാണിക്കാത്ത മലയാളിക്ക് നദികളെ വലകൾപോലെ കോർക്കാനുള്ള മെഗാപദ്ധതി രൂപകൽപന ചെയ്യുവാൻ അനായാസം സാധിച്ചേക്കും. അതിന്റെ തുടക്കം മന്ത്രിതലത്തിൽ തന്നെ വേണം. ജലസേചനമന്ത്രി മുല്ലപ്പെരിയാറിൽ അടിക്കടിയെത്തി മുതലക്കണ്ണീർ ഒഴുക്കുന്നതിനുപകരം സിവിൽ എൻജിനീയറിംഗിൽ വിദഗ്ധരായ ലോകത്തെമ്പാടും ചിതറിക്കിടക്കുന്ന മലയാളികളെ സംഗമിപ്പിച്ച് ഒരു ബ്രെയിൻ സ്റ്റോം എങ്കിലും സംഘടിപ്പിച്ചിരുന്നെങ്കിൽ ഒരു തുടക്കമായേനെ. പ്രകൃതിയുടെ കനിവിൽ ലഭിക്കുന്ന വെള്ളത്തിൽ കാൽഭാഗംപോലും നാമിന്നും ഉപയോഗിക്കുന്നില്ലെന്ന് ഈയിടെ കേരളത്തിൽവന്ന കേന്ദ്രകൃഷിമന്ത്രി ശരത് പവാർ പരാതിപ്പെട്ടത് മാധ്യമങ്ങൾക്കുപോലും വാർത്തയായി തോന്നിയില്ല.

നദികളെ കുറുകേ യോജിപ്പിക്കുന്നതുകൊണ്ട് ജലസംഭരണം സാധ്യമാകുന്നതുപോലെ ജലഗതാഗത സാധ്യതകളും വളരെ വർധിക്കും. സ്റ്റേറ്റിന്റെ ഗുരുതരമായ പ്രശ്നങ്ങൾ ഒരു കാലത്ത് അരി, തുണി, പാർപ്പിടമായിരുന്നെങ്കിൽ ഇന്ന് ഗതാഗതമാണ്. കേരളത്തിലുണ്ടാകുന്ന വാഹനാപകടമരണങ്ങൾ ലോക റെക്കോർഡ് ഭേദിച്ചിരിക്കുന്നു. എന്നിട്ടും ഗതാഗതമെന്നാൽ റോഡെന്ന മട്ടാണ് ഭരിക്കുന്നവർക്ക്. റെയിൽവേ വികസനത്തിന് കേന്ദ്രം കനിഞ്ഞാലേ നിവൃത്തിയുള്ളൂ. എന്നാൽ ജലഗതാഗതം കാര്യക്ഷമമാക്കുവാൻ ആരുടേയും ഓശാരം വേണ്ട.

നാടിന്റെ ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിന് കോടിക്കണക്കിന് പണം ലഭിക്കുവാൻ വഴികൾ പലതുണ്ട്. പണം ഇല്ലാത്തതുകൊണ്ട് സർക്കാരാശുപത്രികൾ വലകെട്ടി കിടക്കുന്ന കാലത്ത് രാജസ്ഥാൻ കനാൽപോലെയുള്ള മെഗാ പ്രോജക്ടുകൾ എങ്ങനെ തട്ടിക്കൂട്ടും എന്നാകും മന്ത്രിപുംഗവന്മാരുടെ സംശയം. അനാവശ്യ കേസുകളിലും, അന്വേഷണ കമ്മീഷനുകളിലും കോടികൾ ധൂർത്തടിക്കുവാൻ ഇവർക്കൊരുളുപ്പുമില്ല. സംസ്ഥാന രാഷ്ട്രീയത്തിലെ ഈ സുകൃതക്ഷയം കക്ഷിഭേദമെന്യേ നിലനിൽക്കുന്നു. ഭരണവർഗത്തിന്റെ ഐക്യൂ ലവൽ ഉദ്ധരിക്കുവാൻ മാർഗങ്ങൾ തേടേണ്ടിയിരിക്കുന്നു.